# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5795 — 09.07.2012-ൽ മറുപടി നൽകേണ്ടത്

## സ്മാർട്ട്/മോഡൽ വില്ലേജ് ഓഫീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ.ശിവദാസൻ നായർ<br>ശ്രീ എം.എ. വാഹിദ്<br>ശ്രീ അൻവർ സാദത്ത്<br>ശ്രീ എം.പി.വിൻസെന്റ് | ശ്രീ അടൂർ പ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് സ്മാർട്ട് / മോഡൽ വില്ലേജ് ഓഫീസുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) തീരുമാനിച്ചിട്ടുണ്ട് |
| (ബി) എവിടെയൊക്കെയാണ് ഇത് തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഓരോ സ്മാർട്ട് വില്ലേജ് ഓഫീസ് ആരംഭിക്കുവാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇത് ഒരു മാതൃകാ ആഫീസാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത ഓഫീസുകൾ തുടങ്ങുന്നതുവഴി ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സൗകര്യങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം വേഗത്തിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സംവിധാനമാണ് സ്മാർട്ട് വില്ലേജ് ഓഫീസ്കൊണ്ട് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടി നിലവിലുള്ള വില്ലേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, വില്ലേജാഫീസ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുക, പൊതുജനങ്ങൾക്ക് ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ള സൗകര്യം, മുൻഗണനാ ക്രമത്തിൽ ആഫീസറെ കാണാൻ ടോക്കൺ സംവിധാനം തുടങ്ങിയ മാറ്റങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസ് രൂപീകരിക്കുന്നതിലൂടെ വരുത്തുവാനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ